(ഡി) വനം വകുപ്പിൽ ഉൾപ്പെട്ട കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ്/കേരള മിനിസ്റ്റീരിയൽ സർവ്വീസ് വിഭാഗങ്ങളിൽപ്പെട്ടവരിൽനിന്നും തസ്തികമാറ്റം ലഭിക്കുന്നതിന് സയൻസ്/എഞ്ചിനീയറിംഗ് ബിരുദം.

(ഡി) ഉണ്ട്.

(ഇ) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമത്തിലെ ഷെഡ്യൂൾ 1 പ്രകാരമുള്ള ശാരീരികക്ഷമതായോഗ്യത നാഷണൽ ഫിസിക്കൽ എഫിഷ്യൻസി വൺ സ്റ്റാർ സ്റ്റാൻഡേർഡ് ടെസ്റ്റ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുണ്ട്.

(എഫ്) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമം നിലവിൽ വന്ന 21-10-2010-നുശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കുള്ള നിയമനത്തിൽ നാഷണൽ ഫിസിക്കൽ എഫിഷ്യൻസി വൺ സ്റ്റാർ സ്റ്റാൻഡേർഡ് ടെസ്റ്റ് യോഗ്യതയായി കണക്കാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ ഫോറസ്റ്റ് റേഞ്ചർ തസ്തികയിലെ നിയമനങ്ങളിൽ 1962-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള കായികക്ഷമത യോഗ്യത പുനഃസ്ഥാപിച്ചുകൊണ്ട് 2010-ലെ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടി റൂൾ ഭേദഗതി ചെയ്യുന്നതുവരെ റേഞ്ചർ തസ്തികയിലേക്കുള്ള സെലക്ഷൻ നടപടി നിർത്തിവയ്ക്കുന്നതിന് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പറമ്പിക്കുളത്തേക്കുള്ള റോഡുസൗകര്യം

212 (7775) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളത്തേക്ക് പോകുന്നതിന് കേരളത്തിലൂടെ നിലവിൽ റോഡ് സൗകര്യം ഇല്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തമിഴ്നാടിന്റെ റോഡുകളെ ആശ്രയിച്ച് എത്ര കാലം പറമ്പിക്കുളത്തേക്ക് പോകാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പറമ്പിക്കുളം വനമേഖലയിലേക്ക് കേരളത്തിലൂടെ പോകുന്നതിന് ആവശ്യമായ റോഡ് സൗകര്യം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിൽനിന്നും പറമ്പിക്കുളത്തേയ്ക്ക് പോകുന്നതിനും വരുന്നതിനും തമിഴ്നാട് അതിർത്തിക്കുള്ളിലുള്ള പൊതുനിരത്തിൽ കേരളത്തിന് "വഴിക്കുള്ള അവകാശം" (Right of Way) നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പറമ്പിക്കുളത്തേയ്ക്ക് കേരളത്തിനുള്ളിലൂടെ വാഹന ഗതാഗത സൗകര്യമുള്ള റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി (2) (ഭൂനികുതി, വനം, മത്സ്യബന്ധനം) 1988-89 എടുത്ത തീരുമാനപ്രകാരം പാരിസ്ഥിതികാഘാത പഠനം നടത്തുകയുണ്ടായി. പീച്ചിയിലെ കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് 2011, 2012 വർഷങ്ങളിൽ നടത്തിയ പാരിസ്ഥിതികാഘാത പഠനങ്ങളുടെ റിപ്പോർട്ട് പ്രകാരം നടപ്പാതയും വനപാതകളും വാഹന ഗതാഗതയോഗ്യമായ റോഡായി നിർമ്മിക്കുന്നത് അവിടുത്തെ വനത്തിനും വന്യജീവി ആവാസ വ്യവസ്ഥയ്ക്കും വൻതോതിൽ നാശം ഉണ്ടാക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ കേരളത്തിലെ വനങ്ങളിലൂടെ പറമ്പിക്കുളത്തേയ്ക്ക് വാഹന ഗതാഗത സൗകര്യമുള്ള റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പ്രായോഗികമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽനിന്നും സാമൂഹ്യവനവൽക്കരണ പദ്ധതിക്ക് കൈമാറിയ ഭൂമി സംബന്ധിച്ച വിവരം

213 (7776) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യ വനവത്കരണ പ്രവൃത്തിക്കായി കൊളാത്തൂർ വില്ലേജിലെ R.S.No.11/1ബിയിൽപ്പെട്ട 09.2069 ഹെക്ടർ സ്ഥലം G.O.(MS.)No.147/86/RD ഉത്തരവുപ്രകാരം സോഷ്യൽ ഫോറസ്ട്രിക്ക് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) മേൽസ്ഥലം സോഷ്യൽ ഫോറസ്ട്രിക്ക് കൈമാറി ഉത്തരവ് നൽകിയിട്ട് എത്ര വർഷമായി ;

(സി) പ്രസ്തുത സ്ഥലം സോഷ്യൽ ഫോറസ്ട്രി ഏറ്റെടുത്ത് സാമൂഹ്യ വനവത്ക്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത സ്ഥലം സോഷ്യൽ ഫോറസ്ട്രിക്ക് ആവശ്യമില്ലായെന്ന് അറിയിച്ച് റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ കൈവശമുണ്ടായിരുന്ന കുഡ്ലു വില്ലേജിലെ റീ-സർവ്വേ നമ്പർ 382/1-ൽപ്പെട്ട 25.91 ഏക്കർ ഭൂമി കേന്ദ്രീയ വിദ്യാലയത്തിനുവേണ്ടി വിട്ടുകൊടുത്തതിന് പകരമായി കൊളാത്തൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 11/1ബി-ൽപ്പെട്ട 09.2069 ഹെക്ടർ സ്ഥലം (22.75 ഏക്കർ) സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് 21-2-1986-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.)-147/86/(ആർ.ഡി.) പ്രകാരം കൈമാറാൻ ഉത്തരവായിരുന്നുവെങ്കിലും ടി ഭൂമിയുടെ ഭൂരിഭാഗവും സ്വകാര്യ വ്യക്തികൾ മുൻപിനാലെ കയ്യേറ്റം നടത്തിയതിനെത്തുടർന്ന്, അവരുടെ കൈവശത്തിലിരുന്ന ടി ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറുകയോ വനം വകുപ്പ് ആയത് ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly